"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - പോലീസ് വകുപ്പിൽ ഗ്രേഡ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ നിര്യാതനായ സേം.എൽ-ന്റെ മകൻ ശ്രീ.അരുൺ കുമാർ.എസ്.എസ് ആശ്രിത നിയമനം ലഭിക്കുന്നതിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(കൈ) വകുപ്പ്**

സ.ഉ.(കൈ) നം.6/2024/HOME തീയതി,തിരുവനന്തപുരം, 06-01-2024

---

പരാമർശം:-

1. 24.05.1999 ലെ സ.ഉ.(പി) നം. 12/99/ഉ.ഭ.പ.വ.
2. ശ്രീ. അരുൺ കുമാർ എസ്.എസ് ന്റെ 28/11/2017 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
3. സംസ്ഥാന പോലീസ് മേധാവിയുടെ 31/03/2018 ലെ എം4(എ)-37629/2018/പി.എച്ച്.ക്യൂ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03/09/2018 ലെ എസ്6-13187/18DDis നമ്പർ കത്ത്.
5. ശ്രീ. അരുൺ കുമാർ എസ്.എസ് - ന്റെ 12/07/2023 തീയതിയിലെ തസ്തികമാറ്റ അപേക്ഷ.

**ഉത്തരവ്**

പോലീസ് വകുപ്പിൽ ഗ്രേഡ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 14/05/2009 ൽ നിര്യാതനായ സേം.എൽ-ന്റെ മകൻ ശ്രീ. അരുൺ കുമാർ എസ്.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം 3 പ്രകാരം സംസ്ഥാന പോലീസ് മേധാവിയും പരാമർശം 4 പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത അപേക്ഷയിൽ നടപടി സ്വീകരിച്ചുവരവെ, എൽ.ഡി.ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് മാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. അരുൺ കുമാർ എസ്.എസ് പരാമർശം (5) പ്രകാരം തസ്തിക മാറ്റ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സേവനത്തിലിരുന്ന വ്യക്തിയുടെ മരണസമയത്ത് അപേക്ഷകൻ മൈനറാണെങ്കിൽ, പ്രായപൂർത്തിയായി 3 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരിക്കൽ സമർപ്പിച്ച അപേക്ഷയിലെ തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ഈ കാലയളവിനുള്ളിലായിരിക്കണമെന്ന് പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 25-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സേം.എൽ--ന്റെ മരണസമയത്ത് മൈനർ ആയിരുന്ന അപേക്ഷകൻ (ജനന തീയതി 30/01/1999) എൽ.ഡി.ക്ലർക്ക് തസ്തികയിലേയ്ക്കുള്ള ആശ്രിത നിയമന അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിലും സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് മാറ്റം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുന്നതിൽ 3 വർഷത്തേയും 5 മാസത്തേയും 13 ദിവസത്തേയും കാലതാമസം ഉണ്ടായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള കാലതാമസം പരിഗണിച്ച്, പോലീസ്

വകുപ്പിൽ ഗ്രേഡ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 14/05/2009 ൽ നിര്യാതനായ സേം.എൽ-ന്റെ മകൻ ശ്രീ. അരുൺ കുമാർ എസ്.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ 3 വർഷത്തേയും 5 മാസത്തേയും 13 ദിവസത്തേയും കാലതാമസം മാപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
ശ്രീ.അരുൺ കുമാർ.എസ്.എസ്, മനു ഗാർഡൻസ്, തെങ്ങുമ്പള്ളി, കാട്ടാക്കട, തിരുവനന്തപുരം - 695572
പൊതുഭരണ (എസ്.സി വകുപ്പ്) 03/01/2024-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ ഇനം നം. 1949 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
Date: 06-01-2024 17:52:06
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-01-2024

ഫയൽ നം. കെ3/183/2018/ആഭ്യന്തരം. ഇനം നം: 1949

വിഷയം : ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി ശ്രീ. അരുൺ കുമാർ എസ്.എസ്. തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | **കെ3/183/2018/ ആഭ്യന്തരം** |
| 2. വകുപ്പ് | **ആഭ്യന്തര (കെ) വകുപ്പ്** |
| 3. വിഷയം | **സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി ശ്രീ.അരുൺ കുമാർ.എസ്.എസ് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത് - സംബന്ധിച്ച്.** |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01/12/2023 |
| 5.(i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഇല്ല** |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഇല്ല** |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | **ശ്രീമതി.പ്രസീത.കെ.സി** |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | **ശ്രീ.ബിശ്വനാഥ് സിൻഹ** |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05/12/2023 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | **ഡോ. വേണു വി** |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09/12/2023 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | **ശ്രീ. പിണറായി വിജയൻ** |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13/12/2023 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 16/12/2023 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി ശ്രീ.അരുൺ കുമാർ.എസ്.എസ് സമർപ്പിച്ചിരുന്ന തസ്തികമാറ്റത്തിനായുള്ള അപേക്ഷയിലെ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പോലീസ് വകുപ്പിൽ ഗ്രേഡ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 14/05/2009 ൽ നിര്യാതനായ സേം.എൽ-ന്റെ മകൻ തിരുവനന്തപുരം, കാട്ടാക്കട, തെങ്ങുമ്പള്ളി, മനു ഗാർഡൻസിൽ ശ്രീ.അരുൺ കുമാർ.എസ്.എസ് തിരുവനന്തപുരം ജില്ലയിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് 28/11/2017-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. പോലീസ് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ഒഴിവ് ഒന്നും തന്നെ ഇല്ലാതിരുന്നതിനാൽ മറ്റ് വകുപ്പുകളിലെ ഒഴിവിനനുസരിച്ച് ശ്രീ.അരുൺ കുമാർ.എസ്.എസ്-നെ നിയമിക്കുന്നതിനുള്ള ഒഴിവ് അറിയിക്കുന്നതിലേയ്ക്കായി ടിയാളെ സംബന്ധിച്ച വിവരങ്ങളടങ്ങുന്ന പ്രൊഫോർമ പൊതുഭരണ (സി.ഇ.സെൽ) വകുപ്പിന് 17/12/2018- ൽ നൽകിയിരുന്നു. എന്നാൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് മാറ്റം ആവശ്യപ്പെട്ട് ശ്രീ.അരുൺ കുമാർ.എസ്.എസ് 12/07/2023-ന് തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3) സേവനത്തിലിരുന്ന വ്യക്തിയുടെ മരണസമയത്ത് അപേക്ഷകൻ മൈനറാണെങ്കിൽ, പ്രായപൂർത്തിയായി 3

വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് 24.05.1999 ലെ G.O.(P)No.12/99/P&ARD- ഉത്തരവിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരിക്കൽ സമർപ്പിച്ച അപേക്ഷയിലെ തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും ഈ കാലയളവിനുള്ളിലായിരിക്കണമെന്ന് പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 25-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സേം.എൽ--ന്റെ മരണസമയത്ത് മൈനർ ആയിരുന്ന അപേക്ഷകൻ എൽ.ഡി.ക്ലർക്ക് തസ്തികയിലേയ്ക്കുള്ള ആശ്രിത നിയമന അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിലും സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് മാറ്റം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുന്നതിൽ 3 വർഷത്തേയും 5 മാസത്തേയും 13 ദിവസത്തേയും കാലതാമസം ഉണ്ടായിട്ടുണ്ട്.

4) നിലവിൽ തസ്തികമാറ്റത്തിന് അപേക്ഷ സമർപ്പിക്കുവാൻ വരുത്തിയ കാലതാമസം മാപ്പാക്കുവാൻ വ്യവസ്ഥയില്ല. കൂടാതെ രണ്ട് വർഷത്തിൽ കൂടുതൽ കാലതാമസമുള്ള അപേക്ഷകൾ തക്കതായ കാരണമില്ലാതെ മന്ത്രിസഭയ്ക്ക് മുൻപാകെ കൊണ്ടുവരാൻ പാടില്ലായെന്ന് 07.04.2022 ലെ ഉപ.സി.2/88/2022/ഉ.ഭ.പ.വ പരിപത്രവും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം ഒരു തക്കതായ കാരണമായി പരിഗണിച്ച് ശ്രീ.അരുൺ കുമാർ.എസ്.എസ് സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് മാറ്റം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ 3 വർഷത്തേയും 5 മാസത്തേയും 13 ദിവസത്തേയും കാലതാമസം മാപ്പാക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ചീഫ് സെക്രട്ടറി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

5) തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നതിലൂടെ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ല.

**<u>തീരുമാനിക്കേണ്ട സംഗതി</u>**

പോലീസ് വകുപ്പിൽ ഗ്രേഡ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച വരവേ 14/05/2009-ൽ നിര്യാതനായ സോം.എൽ-ന്റെ മകൻ ശ്രീ.അരുൺ കുമാർ.എസ്.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ 3 വർഷത്തേയും 5 മാസത്തേയും 13 ദിവസത്തേയും കാലതാമസം മാപ്പാക്കി നൽകാവുന്നതാണോ ?